No.CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2021–22 സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പുതുതായി നീറ്റ് എം.ഡി.എസ് യോഗ്യത നേടിയവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അവസരം സംബന്ധിച്ച്

2021–22 അദ്ധ്യയന വർഷത്തെ പി.ജി ദന്തൽ കോഴ്സ് പ്രവേശനത്തിനുള്ള നീറ്റ് എം.ഡി.എസ് പ്രവേശന പരീക്ഷയുടെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിൽ സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നതും പുതുക്കിയ മാനദണ്ഡപ്രകാരം നീറ്റ് എം.ഡി.എസ് യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഉടൻ അപേക്ഷ ക്ഷണിക്കുന്നു. Stray Vacancy filling അലോട്ട്മെന്റിന് ശേഷം സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് മാത്രമായിരിക്കും പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്. പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നേറ്റിവിറ്റി, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി/കാറ്റഗറി/ഫീസ് ആനുകൂല്യം (ബാധകമായവർക്ക് മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.പുതുക്കിയ നീറ്റ് എം.ഡി.എസ് മാനദണ്ഡപ്രകാരം യോഗ്യത നേടിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാധ്യതാ ലിസ്റ്റ് തയ്യാറാക്കി സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള പി.ജി. ദന്തൽ സീറ്റുകളിലേക്കായി അതാത് കോളേജുകൾ മുഖേന സീറ്റുകൾ നികത്തുന്നതായിരിക്കും.

വിശദവിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.11.2021